# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5053** **15.11.2019 ൽ മറുപടിയ്ക്ക്**

**വിഷരഹിത പച്ചക്കറി ഉത്പാദനം**

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.എം. കെ. മുനീർ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി ഘടകങ്ങൾചുവടെ ചേർക്കുന്നു. |

**1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ**

25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75000 രൂപയാണ് ധനസഹായമായി നൽകുന്നത്.

**2. ഇക്കോഷോപ്പുകൾ**

**241** ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

**3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം**

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

**4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ**

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തിരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നു.

**5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്**

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

**6. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന**

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി പ്രകാരം വെള്ളായണി

കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിൻെറ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിൻെറയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു.

**7. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ**

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി കർഷകർക്കുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം സജ്ജമാക്കിയിട്ടുണ്ട്.

**8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്**

" സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് " എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിനും സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിൻെറ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിൻെറ നേതൃത്വത്തിൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

**9. കുട്ടനാട് ജി.എ.പി പദ്ധതി**

കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി - ആവാസ വ്യവസ്ഥകൾക്ക് അനുസൃതമായി നെൽ കൃഷിയിൽ നല്ല കൃഷി മുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിയ്ക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കി.

**10. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)**

60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്.

| | |
|---|---|
| ബി) പ്രസ്തുത പദ്ധതികളിലൂടെ വിഷരഹിത പച്ചക്കറി കൃഷി ഉൽപാദനത്തിൽ എത്രമാത്രം നേട്ടം ഉണ്ടായിട്ടുണ്ടെന്ന് 2016 മുതലുള്ള വിശദാംശം ഉൾപ്പെടെ അറിയിക്കുമോ; | ബി) വിഷരഹിത പച്ചക്കറി കൃഷി ഉൽപാദനത്തിൽ 2016 മുതൽ ഉണ്ടായിട്ടുള്ള ജില്ലാടിസ്ഥാനത്തിലുള്ള നേട്ടം അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| സി) സംസ്ഥാനത്തെ മാർക്കറ്റുകളിൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികളിൽ അനുവദനീയമായ അളവിൽ മാത്രമേ കീടനാശിനികളും മറ്റ് വിഷാംശങ്ങളും ഉള്ളൂ എന്ന പരിശോധനകൾ നടത്തുന്നതിനുള്ള ലാബുകൾ, മൊബൈൽ ലാബുകൾ എന്നിവ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) പച്ചക്കറികളിൽ അനുവദനീയമായ അളവിൽ മാത്രമേ കീടനാശിനികളും മറ്റ് വിഷാംശങ്ങളും ഉള്ളൂ എന്ന് പരിശോധിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ് (തൃശ്ശൂർ) , പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.<br>പഴം, പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിന് നിലവിൽ മൊബൈൽ ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ. നം. | ജില്ല | ഉൽപാദനം (ടൺ) | | |
|---|---|---|---|---|
| | | 2016 | 2017 | 2018 |
| 1 | തിരുവനന്തപുരം | 1550 | 1875 | 2560 |
| 2 | കൊല്ലം | 1982.53 | 782.10 | 1210.85 |
| 3 | പത്തനംതിട്ട | 3500 | 6000 | 5864.7 |
| 4 | ആലപ്പുഴ | 4500 | 6500 | 3300 |
| 5 | കോട്ടയം | 1600 | 1200 | 2200 |
| 6 | ഇടുക്കി | 5750 | 9840 | 4050 |
| 7 | എറണാകുളം | 5146 | 3215 | 2695 |
| 8 | തൃശ്ശൂർ | 750 | 1500 | 1200 |
| 9 | പാലക്കാട് | 1456.74 | 1753.57 | 1892.5 |
| 10 | മലപ്പുറം | 11700 | 3600 | 6600 |
| 11 | കോഴിക്കോട് | 1867 | 776 | 1164 |
| 12 | വയനാട് | 1200 | 1280 | 1400 |
| 13 | കണ്ണൂർ | 110 | 45 | 53 |
| 14 | കാസർഗോഡ് | 1453 | 2052 | 2364 |

സെക്ഷൻ ഓഫീസർ